**കേരള സർക്കാർ**

നംപർ 23001/ആർ.ഡി.3/12/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 8-10-2012

## സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകമായി വാങ്ങുന്ന രീതി അവസാനിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു.

കേരള സർക്കാരിന്റെ കീഴിലുള്ള പല വകുപ്പുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള പല സ്ഥാപനങ്ങളിലും ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകമായി ജനന/മരണ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്ന/വാങ്ങുന്ന രീതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ രീതി സർക്കാർ അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇത്തരം സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ വാങ്ങി പരിശോധിച്ചതിനുശേഷം അവ ഹാജരാക്കുന്നവർക്ക് അപ്പോൾ തന്നെ തിരിച്ചു നൽകേണ്ടതാണ്. ഉടനെ തിരിച്ചുനൽകാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ രസീത് നൽകി വാങ്ങിവയ്ക്കുകയും പരിശോധന/ആവശ്യം കഴിഞ്ഞാൽ കഴിവതും വേഗം തിരിച്ചു നൽകേണ്ടതുമാണ്.

**എസ്. ജലീൽ**
**സ്പെഷ്യൽ സെക്രട്ടറി**

എല്ലാ വകുപ്പുകൾക്കും.
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ